കവരുമാനം 12,000/-രൂപ വരെയുള്ള വികലാംഗർക്കാണ് സഹായ ഉപകരണങ്ങൾ സൗജന്യമായി കോർപ്പറേഷൻ വിതരണം ചെയ്യുന്നത്. തിരുവനന്തപുരം ജില്ലയിലെ വിവിധ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ ഫർണിച്ചർ റിപ്പയറിംഗ് ജോലികൾ കോർപ്പറേഷൻ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതുവഴി 60 ൽ പരം വികലാംഗർക്ക് ജോലി നൽകിവരുന്നു.

കോർപ്പറേഷനെ നാഷണൽ ഹാൻഡിക്യാപ്ഡ് ഫൈനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ സംസ്ഥാനത്തെ ചാരലൈസിംഗ് ഏജന്റായി നിയമിച്ചിരിക്കുകയാണ്. കുറഞ്ഞ പലിശ നിരക്കിൽ വികലാംഗർക്ക് സ്വയം തൊഴിൽ ലോൺ ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

(ബി&സി) ചികിത്സാ സഹായം നൽകുന്നത് വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നാണ്. വികലാംഗദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിനുവേണ്ടി അപേക്ഷിക്കുന്ന അർഹരായ എല്ലാ വികലാംഗർക്കും ധനസഹായം അനുവദിക്കാറുണ്ട്. ഈ ആനുകൂല്യം വികലാംഗക്ഷേമ കോർപ്പറേഷന്റെ അധികാര പരിധിയിൽ വരുന്ന കാര്യമല്ല.

(ഡി) കാസർഗോഡ് ജില്ലയിൽ നിന്നും 98-99-ൽ ലഭിച്ച രണ്ട് അപേക്ഷകളിലും ധനസഹായം അനുവദിക്കുകയുണ്ടായി. ഈ വർഷം ഈ ജില്ലയിൽ നിന്ന് 64(അറുപത്തിനാല്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.

അങ്കൻവാടികളുടെ പ്രവർത്തനം

51(2848)ശ്രീമതി എൻ.കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി. ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പല അംഗൻവാടികളിലും വർക്കർമാരും ഹെൽപ്പർമാരും കൃത്യമായി ഹാജരാകുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവർ കൃത്യമായി എത്തുവാൻ കർശന നിർദ്ദേശം നൽകുമോ;

(ഡി) അംഗൻവാടികളിലെ കുട്ടികൾക്ക് നല്ല രീതിയിലുള്ള വിദ്യാഭ്യാസം നൽകുന്നതിലും കൂടുതൽ കുട്ടികളെ അൺ എയ്ഡഡ് വിദ്യാഭ്യാസ സംസ്കാരത്തിൽനിന്നും ഈ രംഗത്തേയ്ക്കു കൊണ്ടുവരുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഇ) അംഗൻവാടികളിൽ വരുന്ന കുട്ടികൾക്കും ഗർഭിണികൾക്കും പാലും പോഷകമൂല്യമുള്ള ആഹാരവും നൽകുന്ന നടപടി കുറ്റമറ്റതായി നടക്കുന്നു എന്നു ഉറപ്പുവരുത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

371/2010.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അംഗൻവാടികളിൽ ഡോക്ടർമാരുടെ സേവനം നിർബന്ധമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനായി അംഗൻവാടി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഇതിൽ അംഗൻവാടികളുടെ പ്രവർത്തന സമയം കുട്ടികളുടെ ഹാജർ എടുക്കേണ്ട സമയം, പഠിപ്പിക്കേണ്ട സമയം കുട്ടികളെ ഉറക്കുന്ന സമയം, ഭക്ഷണം നൽകുന്ന സമയം, കളിക്കാൻ അനുവദിക്കുന്ന സമയം പ്രവർത്തകർ ഭവന സന്ദർശനം നടത്തേണ്ട സമയം. സൂപ്പർവൈസർമാർ ചെയ്യേണ്ട ജോലികൾ സി.ഡി.പി.ഒ മാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവയെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. ഇതോടൊപ്പം ജനകീയാസൂത്രണ പ്രക്രീയയുടെ ഭാഗമായി അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉണ്ടാകുന്നതിനുവേണ്ടി ഇവയുടെ മേൽനോട്ടം 1.4.98 മുതൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

(ബി)&(സി) കുടുംബശ്രീ, സർവെ മുതലായ ജനകീയാസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി അംഗൻവാടി വർക്കർമാരുടെ സേവനം ഉപയോഗിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഇവരുടെ സേവനം അംഗൻവാടികളിയിൽ ലഭിക്കുന്നില്ല എന്ന പരാതികൾ ഉണ്ടായിട്ടുണ്ട് . അംഗൻവാടിയിലെ പ്രവർത്തനങ്ങളിൽ തടസ്സം വരാതെയും പരാതികൾക്ക് ഇട നൽകാതെയും പരാതി ജനകീയാസൂത്രണപരിപാടികളിൽ പങ്കുചേരേണ്ടതാണെന്നു എല്ലാ വർക്കർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കുട്ടികളെ അവരുടെ ചുറ്റുപാടും കാണുന്ന കാര്യങ്ങളെക്കുറിച്ച് പാട്ടിലൂടെയും കളികളിലൂടെയും കഥകളിലൂടെയും ബോധവൽക്കരിക്കുന്ന രീതിയിലുള്ള അനൗപചാരിക പ്രീ-സ്ക്കൂൾ വിദ്യാഭ്യാസ സമ്പ്രദായമാണ് ഐ.സി.ഡി.എസ്. മാനുവൽ പ്രകാരം ആവിഷ്ക്കരിച്ചിരിക്കുന്നത്. കേരളത്തിലെ അനൗപചാരിക വിദ്യാഭ്യാസം കുറ്റമറ്റതാണെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. കുറെക്കൂടി മെച്ചപ്പെട്ടരീതിയിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസം നടത്തുന്നതിനു വേണ്ടി എല്ലാ അംഗൻവാടികൾക്കും കളിക്കോപ്പുകൾ ലഭ്യമാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അംഗൻവാടികളിലെ ഭക്ഷണ വിതരണം പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. പഞ്ചായത്തുകളുടെ സാമ്പത്തിക നിലവാരത്തിന്റെ അടിസ്ഥാനത്തിൽ പോഷണമൂല്യങ്ങളടങ്ങിയ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു. ഐ.സി.ഡി.എസി ന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന പോഷക മൂല്യങ്ങളിൽ കുറവ് വരാൻ പാടില്ല എന്ന് വ്യക്തമായ നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. എതു തരത്തിലുള്ള ഭക്ഷണം വിതരണം ചെയ്യണമെന്ന് തീരുമാനിക്കുന്നതിനുള്ള പൂർണ്ണമായ അവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാണ്.

(എഫ്) ഐ.സി.ഡി.എസ് സ്കീം അനുസരിച്ച് ഒരു പ്രോജക്ട് ഏരിയായിൽ വരുന്ന ഐ.സി.ഡി.എസ് ഗുണഭോക്താക്കളുടെ ആരോഗ്യ പരി

LIBRARY ARCHIVES Kerala Legislative Assembly

രക്ഷ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ ചുമതലയാണ്. ആരോഗ്യപരിശോധന, പ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യപോഷണ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളെല്ലാം ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരിൽ നിക്ഷിപ്തമാണ്. ഈ സേവനങ്ങൾ എല്ലാംതന്നെ അംഗൻവാടികളിൽ കൂടി ലഭ്യമാക്കി വരുന്നുണ്ട്.

അംഗൻവാടി ഹെൽപ്പർമാർക്കുള്ള ആനുകൂല്യങ്ങൾ

52(2849)ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ഹെൽപ്പർമാർക്ക് ശമ്പളസ്കെയിൽ നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോ; സർവ്വീസ് കൂടുന്നതനുസരിച്ച് അവരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഹൈസ്കൂൾ വിദ്യാഭ്യാസം അടിസ്ഥാന യോഗ്യതയുള്ള ഹെൽപ്പർമാർക്ക് വർക്കർമാരായി പ്രൊമോഷൻ നൽകുന്നകാര്യം പരിഗണിക്കുമോ;

(സി) ഹെൽപ്പർമാർ അംഗൻവാടിയിലെ ഭക്ഷണത്തിനുവേണ്ടി ചെലവാക്കുന്ന പണം അവർക്കുതന്നെ കിട്ടുന്നുണ്ടെന്നു ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പഞ്ചായത്തുകളിൽനിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ (മുട്ട,പാൽ) പാകം ചെയ്യലിലും അംഗൻവാടികളിൽ എത്തിക്കുന്നതിനുമുള്ള ചെലവിനും ആവശ്യമായ പണം ഹെൽപ്പർമാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അംഗൻവാടി ഹെൽപ്പർമാർക്ക് ശമ്പളസ്കെയിൽ നടപ്പിലാക്കുന്നകാര്യം പരിഗണനയിലില്ല. ഇവരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(ബി) ജില്ലാ കളക്ടർ ചെയർമാനായുള്ള സെലക്ഷൻ കമ്മിറ്റിയാണ് അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും തെരഞ്ഞെടുക്കുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസം അടിസ്ഥാന യോഗ്യതയുള്ള അംഗൻവാടി ഹെൽപ്പർമാർക്ക് വർക്കർമാരായി പ്രൊമോഷൻ നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(സി) അംഗൻവാടിയിലെ ഭക്ഷണ വിതരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം അംഗൻവാടി വർക്കർമാർക്കാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ വർക്കറുടെ അഭാവത്തിൽ ഭക്ഷണ വിതരണം മുടക്കം കൂടാതെ നടത്തുന്നതിന് ഹെൽപ്പർമാർ കൈയ്യിൽനിന്നും പണം ചെലവാക്കേണ്ടി വന്നാൽ ആതുക അവർക്കുതന്നെ കൊടുക്കുന്നതിന് എല്ലാ ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്

(ഡി) 1.4.98 മുതൽ അംഗൻവാടികളിലൂടെയുള്ള ഭക്ഷണവിതരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആയതു അംഗൻവാടി സെന്ററുകളിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly